കുടുംബശ്രീ പദ്ധതികളെ സംബന്ധിച്ച് പരിശീലനം നൽകി സജ്ജരാക്കിയിട്ടുള്ള 300-ലധികം എം.ഇ.സി.-മാരും ആർ.പി.-മാരും നിലവിലുണ്ട്. കുടുംബശ്രീ പ്രവർത്തനം മറ്റ സംസ്ഥാനങ്ങളിൽ വ്യാപിപ്പിക്കുന്നതിന് 8 സംസ്ഥാനങ്ങളുമായി കരാർ ഒപ്പിട്ടു. ഇതിനായി കുടുംബശ്രീയുടെ കീഴിൽ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ പ്രവർത്തിക്കുന്നു.

കെട്ടിടങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥ

4 (*574) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനില മന്ദിരങ്ങൾക്കും പാർപ്പിട സമുച്ചയങ്ങൾക്കും നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ ; നിലവിലുള്ള നിയമവ്യവസ്ഥകളും ഇവയുടെ പ്രയോഗത്തിലെ പ്രശ്നങ്ങളും വിശദമാക്കാമോ ;

(ബി) താമസക്കാരുടെ സുരക്ഷയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പുതുതായി കൊണ്ടുവരാനുദ്ദേശിക്കുന്ന വ്യവസ്ഥകൾ വിശദമാക്കാമോ ;

(സി) ദേശീയ കെട്ടിട നിർമ്മാണചട്ടങ്ങളിലെ (എൻ.ബി.സി.) വകുപ്പുകൾ ബാധകമായിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾ ഏതെല്ലാം തരത്തിലുള്ളവയാണെന്ന് വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സർക്കാർ കാലാകാലങ്ങളിലായി ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ആയതുമൂലം ചട്ടങ്ങൾ നടപ്പിലാക്കുന്നതിലെ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ചട്ടങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശപ്രകാരം കേരളാ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

കേരള മുനിസ്സിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വിവിധ ഓക്യുപൻസികളിൽപ്പെട്ടതും നിർദ്ദിഷ്ട വലിപ്പത്തിലുള്ളതുമായ കെട്ടിടങ്ങൾക്ക്/പ്ലോട്ട് വിഭജന ത്രുവികസന പ്രവൃത്തികൾക്ക് ജില്ലാ ടൗൺ പ്ലാനർ/ ചീഫ് ടൗൺ പ്ലാനറിൽനിന്നും കൺകറൻസ് ആവശ്യമാണെന്ന് പ്രതിപാദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും, മറ്റ് നിയമവ്യവസ്ഥകൾ പ്രകാരവും, നിർമ്മാണ ഭ്രവികസനങ്ങൾക്ക് വിവിധ ഏജൻസികളുടെ അംഗീകാരങ്ങൾ/ നിരാക്ഷേപ പത്രം മുതലായവ ആവശ്യമാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഡിഫൻസ് അതോറിറ്റി, ജില്ലാ കളക്ടർമാർ, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സെസ്സ്മെന്റ് അതോറിറ്റി, റെയിൽവേ അതോറിറ്റി, സ്റ്റേറ്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കേന്ദ്ര വനം പരിസ്ഥിതി വകുപ്പ്, എയർപോർട്ട് അതോറിറ്റി, ഫയർ ആന്റ് റെസ്ക്യൂ വകുപ്പ്, വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങി വിവിധ ഏജൻസികളിൽ നിന്നും ബാധകമായ മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ടവരിൽനിന്നും നിരാക്ഷേപ പത്രം/അംഗീകാരം/ക്ലിയറൻസ്/ കൺസൾട്ടേഷൻ/ കൺകറൻസ് ആവശ്യമാണ്. മറ്റ് വിവിധ നിയമങ്ങൾപ്രകാരം നിരാക്ഷേപ പത്രം/അംഗീകാരം/മുതലായവ സംബന്ധിച്ച് വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് അതതു ബന്ധപ്പെട്ട വകുപ്പുകളാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാത്ത കെട്ടിട നിർമ്മാണ സ്ട്രോയിംഗുകൾ ലേ ഔട്ട്/യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരങ്ങൾക്കായി നഗര-ഗ്രാമാസൂത്രണ വകുപ്പിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും അയയ്ക്കുന്നതുമൂലം ആയവയിൽ തിരുത്തലുകൾ, ആവശ്യമായ മറ്റ് വിവരങ്ങൾ എന്നിവയ്ക്കായി വീണ്ടും ആരായേണ്ടതായോ, തിരിച്ചയയ്ക്കേണ്ടതായോ വരാറുണ്ട്. ആയത് കാലതാമസം ഉളവാക്കുന്നുണ്ട്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മോഡിഫിക്കേഷൻ സംബന്ധിച്ച നിർദ്ദേശം സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക്, ആയതിന്മേൽ സുരക്ഷാ സംബന്ധമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിലേക്കായി സർക്കാരിന് ബന്ധപ്പെട്ട ഫയർ ആന്റ് റസ്ക്യൂ വകുപ്പ്, കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്/അതോറിറ്റി തുടങ്ങി വിവിധ ഏജൻസി/വകുപ്പുകളുടെ വിദഗ്ദാഭിപ്രായം ആരായാവുന്നതും ആയത് പരിഗണിച്ച് മാറ്റങ്ങൾ വരുത്താവുന്നതുമാണ്.

(സി) നിർമ്മാണ ഭ്രവികസന പ്രവർത്തനങ്ങൾ നാഷണൽ ബിൽഡിംഗ് കോഡിലെ ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കണമെന്ന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ ചട്ടം 44-ൽ പ്രതിപാദിക്കുന്നു. ചട്ടം 48 പ്രകാരം, നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ പ്രകാരം ആവശ്യമായ അധിക ലിഫ്റ്റുകളുടെ എണ്ണം കണക്കാക്കാനും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലിഫ്റ്റുകളുടെ പ്ലാനിംഗ്, ഡിസൈൻ, ഇൻസ്റ്റലേഷൻ എന്നിവ നാഷണൽ ബിൽഡിംഗ് കോഡിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസൃതമായിരിക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 49 പ്രകാരം, ആർട്ടിഫിഷ്യൽ ആയി ലൈറ്റിംഗും വെൻഡിലേഷനും കൊടുക്കാത്ത പക്ഷം ലൈറ്റിംഗ് ആന്റ് വെൻഡിലേഷനായി ജനൽ, വെൻഡിലേറ്റർ തുടങ്ങിയ ഓപ്പണിംഗുകൾ കൊടുക്കുന്നത് നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണം. കെ.എം.ബി.ആറിലെ തന്നെ ചട്ടം 53 മുതൽ 59 വരെ വിവിധ ഓക്യുപൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കായുള്ള പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ആയവയിലും ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ പാലക്കേണ്ട കാര്യം പ്രതിപാദിക്കുന്നുണ്ട്. ചട്ടം 55-ൽ അസംബ്ലി ഓക്യുപൻസിയിൽപ്പെട്ട കെട്ടിടങ്ങൾക്കുള്ള വെൻഡിലേഷൻ നാഷണൽ ബിൽഡിംഗ് കോഡിലെ ലൈറ്റിംഗ് ആന്റ് വെൻഡിലേഷൻ സംബന്ധിച്ച വ്യവസ്ഥയ്ക്ക് അനുസൃതമായിരിക്കണമെന്ന് പ്രതിപാദിക്കുന്നു. ചട്ടം 120 പ്രകാരം നാഷണൽ ബിൽഡിംഗ് കോഡ് പ്രകാരമുള്ള സീസ്മിക് ഫോഴ്സുകൾകൂടി പരിഗണിച്ചുള്ള സ്ട്രക്ച്ചറൽ ഡിസൈൻ ഹൈറൈസ് കെട്ടിട നിർമ്മാണങ്ങൾക്കായുള്ള അപേക്ഷയോടൊപ്പം ഉണ്ടായിരി ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ചട്ടം 120 ബി -യിൽ അവയ്ക്ക് നാഷണൽ ബിൽഡിംഗ് കോഡിലെ കൺസ്ട്രക്ഷണൽ പ്രാക്ടീസസ് ആന്റ് സേഫ്റ്റിയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ആവശ്യമായ സുരക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്നും വ്യവസ്ഥ ചെയ്യുന്നു.

കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി

5 (*575) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) അഗ്രികാർഡ് ലഭിക്കാൻ അർഹരായ കർഷകരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ മൊത്തം എത്ര കർഷകർ ഈ വിഭാഗത്തിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അഗ്രികാർഡുള്ളവർക്ക് അനുപയോഗിച്ച് എന്തൊക്കെ കാർഷിക സഹായങ്ങൾ നേടാമെന്നതിന്റെ വിശദവിവരം നൽകാമോ ?